**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3339** **08-10-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തെ വെൽനെസ് ടൂറിസം ഹബ്ബാക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ വെൽനെസ്സ് ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആയുർവേദ ചികിത്സാരീതിയെ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>വിനോദസഞ്ചാര വകുപ്പ് ആയുർവേദ സെന്ററുകൾക്ക് അവയുടെ പ്രവർത്തന സൗകര്യങ്ങൾ വിലയിരുത്തി ആയുർ സിൽവർ , ആയുർ ഗോൾഡ് , ആയുർ ഡയമണ്ട് എന്നിങ്ങനെ ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട് . കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവ്വേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട് . കൂടാതെ ആയുർവ്വേദത്തിന്റെ പ്രചരാണാർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നുണ്ട് .<br><br>കൂടാതെ ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി ഇന്ത്യ സന്ദർശിക്കാനാഗ്രഹിക്കുന്ന വിനോദസഞ്ചാരികൾക്കായി നൽകിവരുന്ന ആയുഷ് വിസ (AYUSH VISA) ലഭിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ ലിങ്ക് കേരള ടൂറിസത്തിന്റെ വെബ് സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് . |
| (ബി) | ഈ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ആലോചിക്കുന്നത്; വിശദമാക്കാമോ; | (ബി) | ടൂറിസം മേഖലയിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം. വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾ ചികിത്സയ്ക്ക് ശേഷം വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമാണ് . വിദേശ വിനോദ സഞ്ചാരികളുടെ അടക്കം പ്രധാന ആകർഷണമാണ് ആയുർവ്വേദം . ഒരു ടൂറിസം ഉത്പന്നം എന്ന നിലയിൽ |

| | | | |
|---|---|---|---|
| | | | ആയുർവേദത്തിന് വിനോദസഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവ്വേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട് . കൂടാതെ ആയുർവ്വേദത്തിന്റെ പ്രചരാണാർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നു. ടൂറിസം വകുപ്പ് നടപ്പാക്കിയ ആയുർവ്വേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസ്സിഫിക്കേഷൻ പദ്ധതിയും സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയതാണ് . ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ മൂലം ആയുർവ്വേദ മെഡിക്കൽ ടൂറിസത്തിന്റെ ഗുണനിലവാരം വർദ്ധിക്കുകയും നിരവധി ടൂറിസ്റ്റുകൾ ഉൾപ്പെടെയുള്ളവർ ആയുർവ്വേദത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട് . ആയുർവ്വേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായി ധാരാളം വിദേശികൾ ഉൾപ്പെടെ കേരളത്തിൽ എത്തിച്ചേരുന്നുണ്ട് . സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സ്കീം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു . ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട് . ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരമുള്ള ഗുണനിലവാരമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു. സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ് , ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത് . ഏറ്റവും മികച്ച സെന്ററുകൾക്ക് ആയുർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ അറുപതോളം ആയുർവ്വേദ സെന്ററുകൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകളായി പ്രവർത്തിച്ച വരുന്നു. മൂന്നു വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി . |
| (സി) | വെൽനെസ്സ് കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ ഉത്തരം. |

സെക്ഷൻ ഓഫീസർ